## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2125

11.03.2020- ൽ മറുപടിക്ക്.

### ഷൊർണ്ണൂരിൽ ബഹുനില വ്യവസായ സമുച്ചയ നിർമ്മാണം

ചോദ്യം

ശ്രീ. പി. കെ. ശശി

മറുപടി

**ഇ. പി. ജയരാജൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) ഷൊർണ്ണൂരിൽ ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി ഡോക്കറ്റ് നമ്പർ IN 191200211 പ്രകാരം മന്ത്രിക്ക് നൽകിയ അപേക്ഷ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയതിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫയലിന്റെ നമ്പർ, കമ്പ്യൂട്ടർ നമ്പർ എന്നിവയും ഈ ഫയലിന്റെ നാൾവഴി നടപടിക്രമവും വിശദമാക്കാമോ ?

(എ) : യും (ബി) യും IN 191200211 പ്രകാരം ബഹു. മന്ത്രിക്ക് നൽകിയ അപേക്ഷ 09/01/2020-ൽ വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിക്കുകയും 17/01/2020-ൽ വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിൽ എത്തുകയും ഐ.ഡി4/13842/2018 നമ്പർ ഫയലിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വ്യവസായ വാണിജ്യ ഡയറക്ടർ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരോട് ഈക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ട് 05/03/2020-ൽ വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ.

ജക/06/03/20